DESPATCHED On..21/02/22..

16/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1630(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14607/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 16**

ശ്രീ. ടി.എൻ. പ്രതാപൻ,
തോട്ടുപുറത്ത്, 42/905
അഞ്ചുമുറി, തമ്മനം,
കൊച്ചി – 682 032.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (ഫിനാൻസ് സെക്ഷൻ),
കളക്ടറേറ്റ്, എറണാകുളം.

2) അപ്പീൽ അധികാരി &
ഫിനാൻസ് ഓഫീസർ,
കളക്ടറേറ്റ്, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ടി.എൻ. പ്രതാപൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ ഒരു ചോദ്യത്തിനു പോലും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല എന്നും തുടർന്ന് നൽകിയ അപ്പീൽ ടിയാനെ നേരിൽ കേൾക്കാതെ തീർപ്പാക്കിയെങ്കിലും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വ്യക്തമായ മറുപടി ലഭ്യമാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 18.08.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) 2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറേറ്റിലേക്ക് സി.എസ്.ആർ. ഫണ്ട് കിട്ടിയ തുക എത്രയെന്നും ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം നൽകി എന്നും ആയതിന്റെ പൂർണ്ണ വിവരങ്ങൾ
2) മേൽപ്പടി തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്നും ഓരോ വിഭാഗത്തിന്റെയും ചെലവായ തുകയുടെ രേഖകൾ
3) ടി തുകകൾ ചെലവാക്കിയിട്ടുള്ളത് സർക്കാർ നിർദ്ദേശ പ്രകാരം ടെണ്ടർ നൽകിയാണോ നടത്തിയിട്ടുള്ളതെന്നും ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 07.09.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. ടി.എൻ. പ്രതാപൻ വിവരാവകാശ നിയമപ്രകാരം 6.10.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ 2021-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സി.എസ്.ആർ. ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങളും ചെലവായ തുകയുടെ രേഖകളും ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ 'ഏത് ആവശ്യങ്ങൾക്ക് എത്ര തുക വീതം എന്നുള്ളതിന്' മറുപടി നൽകിയിട്ടില്ലെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ രേഖകൾ പരിശോധിക്കുകയും എസ്.പി.ഐ.ഒ.യെ നേരിൽ കേൾക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയിലെ ചോദ്യം 2-ൽ ടി തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്നും ഓരോ വിഭാഗത്തിന്റെയും ചെലവായ തുകയുടെ രേഖകൾ നൽകണമെന്ന ചോദ്യം ഉന്നയിക്കുകയും ആയതിന് 'കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സുരക്ഷിതരായി വോട്ട് ചെയ്യുന്നതിന് വോട്ടർമാരെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക്' എന്ന് മറുപടി നൽകുകയും തുക അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകുകയും ചെയ്തിട്ടുള്ളതായി കാണുന്നു എന്നും എത്ര തുക വീതം ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചു എന്ന് ടി ഉത്തരവുകളിൽ വ്യക്തവുമാണെന്നും എന്നിരുന്നാലും വസ്തുതകൾ ബോധ്യപ്പെടുന്നതിലേക്കായി ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അപേക്ഷകന് നിയമാനുസരണം അനുവാദം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ബന്ധപ്പെട്ട ഉത്തരവുകളുടെയും എതിർകക്ഷി കാര്യാലയത്തിലെ നടപടിക്രമങ്ങളുടെയും പകർപ്പുകൾ സഹിതം വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാണെന്നിരിക്കെയാണ് ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷയിൽ രണ്ടാമതായി ഉന്നയിച്ച '2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറേറ്റിലേക്ക് സി.എസ്.ആർ. ഫണ്ട് കിട്ടിയ തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു, ഓരോ വിഭാഗത്തിന്റെയും ചെലവായ തുകയുടെ രേഖകൾ' എന്ന ചോദ്യത്തിന് മറുപടി നൽകാതെ മറ്റ് മറുപടികൾ നൽകി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകനെ തെറ്റിദ്ധരിപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളതെന്നാണ് ഒന്നാം അപ്പീലിൽ ആരോപിച്ചിരുന്നതെന്നും മേൽ പറഞ്ഞ രണ്ടാം ചോദ്യത്തിന് 'കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സുരക്ഷിതരായി വോട്ട് ചെയ്യുന്നതിന് വോട്ടർമാരെ ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക്' എന്ന് മറുപടി നൽകുകയും തുക അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകുകയും ചെയ്തിട്ടുള്ളതുമാണെന്നും കക്ഷിയുടെ അപേക്ഷയ്ക്ക് നൽകിയിട്ടുള്ള മറുപടിയിൽ വസ്തുതകൾ വ്യക്തമായിട്ടുണ്ടെന്നും എന്നിരുന്നാലും ടി മറുപടി തൃപ്തികരമല്ലെങ്കിൽ നിയമാനുസൃത നടപടികളിലൂടെ ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അപേക്ഷകന് അവസരം നൽകേണ്ടതാണെന്ന് അപ്പീലധികാരി എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ ടിയാൻ ഇതുവരെ ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് ഹാജരായിട്ടില്ലാത്തതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ നൽകിയിട്ടുള്ളതാണെന്നും കൂടുതൽ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒന്നാം അപ്പീൽ തീർപ്പിനെ തുടർന്ന് ഹർജിക്കാരന് അവസരം നൽകിയിട്ടുള്ളതുമാണെന്നും മറുപടിയിലുള്ള ആക്ഷേപം ദൂരീകരിക്കുന്നതിന് ഫയൽ നേരിട്ട് പരിശോധിക്കാൻ നൽകിയ ടി അവസരം ഉപയോഗപ്പെടുത്താതെയാണ് മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഹർജിക്കാരൻ കമ്മീഷനെ സമീപിച്ചിട്ടുള്ളതെന്നും കാണുന്നു. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ ബോധപൂർവ്വമായ വിവരനിഷേധം ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും നൽകിയ മറുപടിയിലെ ചെലവ് ഇനവുമായി ബന്ധപ്പെട്ട ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി

വ്യക്തത വരുത്തിയ മറുപടി തയ്യാറാക്കി ഹർജിക്കാരന് 28.2.2022–നകം ഒന്നാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 16 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി